"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം - സി.എം.ഒ പോർട്ടൽ നോഡൽ ഓഫീസറെയും "CM with me" നോഡൽ ഓഫീസറെയും, ലിങ്ക് നോഡൽ ഓഫിസറെയും നിശ്ചയിച്ചും സി.എം.ഒ പോർട്ടൽ, "CM with me" നോഡൽ ലിങ്ക് നോഡൽ ഓഫീസർമാർക്ക് ചുമതലകൾ നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (പി.എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.458/2026/LSGD തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-
1. 17-02-2024-ലെ സ.ഉ.(സാധാ) 99/2024/P&ARD നമ്പർ സർക്കാർ ഉത്തരവ്
2. 12-04-2024-ലെ സ.ഉ.(സാധാ) നം.742/2024/LSGD നമ്പർ സർക്കാർ ഉത്തരവ്
3. 12-04-2025-ലെ സ.ഉ.(സാധാ) നം.958/2025/LSGD നമ്പർ സർക്കാർ ഉത്തരവ്
4. 23-10-2025-ലെ സ.ഉ.(സാധാ) നം.164/2025/I&PRD നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

സെക്രട്ടേറിയറ്റ് വകപ്പുകളിലെ സി.എം.ഒ പോർട്ടൽ നോഡൽ / ലിങ്ക് നോഡൽ ഓഫിസർമാരുടെ നിയമനരീതിയും ചുമതലകളും നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനെത്തുടർന്ന്, തദ്ദേശസ്വയംഭരണ വകുപ്പിലെ സി.എം.ഒ പോർട്ടൽ നോഡൽ / ലിങ്ക് നോഡൽ ഓഫിസർമാരെ നിയമിച്ച് പരാമർശം (2, 3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പരാമർശം (4) പ്രകാരം സി.എം.ഒ. പോർട്ടലിന്റെ നോഡൽ ഓഫീസർമാരെ '**മുഖ്യമന്ത്രി എന്നോടൊപ്പം** (CM with me)' സിറ്റിസൺ കണക്ട് സെന്ററിന്റെയും നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. തദ്ദേശസ്വയംഭരണ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ ജോലിയിൽ മാറ്റമുണ്ടായിട്ടുള്ള സാഹചര്യത്തിൽ വകുപ്പിന്റെ **സി.എം.ഒ പോർട്ടൽ/CM with me** നോഡൽ/ലിങ്ക് നോഡൽ ഓഫീസർമാരെ നിയമിച്ചും ചുമതലകൾ നിശ്ചയിച്ചും ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നോഡൽ ഓഫിസർ | ലിങ്ക് നോഡൽ ഓഫീസർ |
|---|---|
| ശ്രീമതി ലീന എൻ.പി.<br>പെൻ നം. 101770<br>(അഡീഷണൽ സെക്രട്ടറി-III)<br>ഫോൺ : 9446184334<br>email : addlsecylsgd@gmail.com | ശ്രീമതി പ്രീത കെ.എസ്.<br>പെൻ നം.101408<br>(അഡീഷണൽ സെക്രട്ടറി-II)<br>ഫോൺ: 9496202039<br>email:jslsgd2020@gmail.com |

1. നിലവിലെ ഉദ്യോഗസ്ഥർ പ്രസ്തുത തസ്തികയിൽ നിന്ന് മാറുമ്പോൾ പകരം നിയമിതനാകുന്ന/നിയമിതയാകുന്ന ഉദ്യോഗസ്ഥർ ആയിരിക്കണം നോഡൽ/ലിങ്ക് നോഡൽ ഓഫീസറായി പ്രവർത്തിക്കേണ്ടത്.
2. സി.എം.ഒ. പോർട്ടലിലൂടെ വകപ്പ് സെക്രട്ടറിമാർക്ക് മുഖ്യമന്ത്രി കൈമാറുന്ന പരാതികൾ അതത് ദിവസം തന്നെ നോഡൽ ഓഫിസർമാർ വകുപ്പിലെ ബന്ധപ്പെട്ട സൂപ്പർവൈസിംഗ് ഓഫീസർമാർക്ക് കൈമാറേണ്ടതാണ്. സൂപ്പർവൈസിംഗ് ഓഫീസർമാരുടെ അഭാവത്തിൽ പരാതികൾ നേരിട്ട് സെക്ഷൻ ഓഫിസർമാർക്കോ, ഇ-ഓഫിസിലൂടെ അസിസ്റ്റന്റ്മാർക്കോ അതത് ദിവസം തന്നെ കൈമാറേണ്ടതാണ്.
3. നോഡൽ ഓഫിസറുടെ അഭാവത്തിൽ ലിങ്ക് നോഡൽ ഓഫിസറാണ് നോഡൽ ഓഫിസറുടെ ചുമതലകൾ നിർവ്വഹിക്കേണ്ടത്.
4. മാസത്തിൽ ഒരിക്കലെങ്കിലും വകുപ്പിലെ സൂപ്പർവൈസിംഗ് ഓഫീസർമാരുടെയും സെക്ഷൻ ഓഫിസർമാരുടെയും യോഗം ചേർന്ന് സി.എം.ഒ. പോർട്ടലിലെ പരാതികളുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തേണ്ടതും മിനുട്ട്സ് സി.എം.ഒ പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ്.
5. വകപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ (അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി സെക്രട്ടറി) യോഗം രണ്ട് മാസത്തിലൊരിക്കലെങ്കിലും ചേർന്ന് സി.എം.ഒ പോർട്ടലിലെ പരാതികളുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തേണ്ടതും റിപ്പോർട്ട് സി.എം.ഒ പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ്.
6. വകുപ്പിലെ പരാതികളുടെ തീർപ്പാക്കൽ പുരോഗതി എല്ലാ മാസവും വകുപ്പ് സെക്രട്ടറിമാരുടെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണ്. ഏതെങ്കിലും സെക്ഷനിൽ പരാതികൾ തീർപ്പാക്കുന്നതിൽ കാലതാമസമോ മറ്റെന്തെങ്കിലും തടസ്സമോ കാണുന്നപക്ഷം അക്കാര്യവും വകുപ്പ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
7. മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ നടത്തുന്ന അവലോകന യോഗങ്ങളിൽ നോഡൽ/ലിങ്ക് നോഡൽ ഓഫീസർമാർ നേരിട്ട് പങ്കെടുക്കേണ്ടതാണ്. ഇതിനായി മറ്റ് ഉദ്യോഗസ്ഥരെ അധികാരപ്പെടുത്താൻ പാടില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

1. ശ്രീമതി ലീന എൻ.പി., അഡീഷണൽ സെക്രട്ടറി-III, തദ്ദേശസ്വയംഭരണ വകപ്പ്
2. ശ്രീമതി പ്രീത കെ.എസ്., അഡീഷണൽ സെക്രട്ടറി-II, തദ്ദേശ സ്വയംഭരണ വകുപ്പ്
3. മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെല്ലിന്
4. ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, സി.എം വിത്ത് മി സിറ്റിസൺ കണക്ട് സെൻ്റർ
5. തദ്ദേശ സ്വയംഭരണ വകപ്പിലെ എല്ലാ ഓഫീസർമാർക്കും
6. തദ്ദേശ സ്വയംഭരണ വകപ്പിലെ എല്ലാ സെക്ഷനുകൾക്കും
7. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sreelekha C K
Date: 25-02-2026 17:38:43
സെക്ഷൻ ഓഫീസർ

പകർപ്പ് :-
1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്